# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1502 — 05.02.2019 ൽ മറുപടിയ്ക്ക്

## തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. ജോയി | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |

എ) തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

എ) ഉണ്ട്. നാളികേര കൃഷിയുടെ വികസനത്തിനും പ്രോത്സാഹനത്തിനും പരിപാലനത്തിനുമായി ചുവടെ ചേർത്തിരിക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികളും നാളികേര വികസന ബോർഡ് മുഖേന അനുവദിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളും കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

**കൃഷി വകുപ്പ് പദ്ധതികൾ**

1 കേരഗ്രാമം പദ്ധതി.

2. അത്യുല്പാദന ശേഷിയുള്ള കുറിയ/ഇടത്തരം/സങ്കര ഇനങ്ങളുടെ മാതൃക പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കൽ.

3. കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രവുമായി ചേർന്ന് അത്യുല്പാദനശേഷിയുള്ള തെങ്ങിൻതൈകളുടെ ഉൽപാദനം ത്വരിതപ്പെടുത്തുന്നതിനും കീടരോഗ നിയന്ത്രണം ഫലപ്രദമായി നിയന്ത്രണ വിധേയമാക്കുന്നതിനുള്ള പ്രോജക്ട്.

4. ക്യാമ്പെയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ കീടരോഗ നിയന്ത്രണ പരിപാടി.

5. മേൽത്തരം കുറിയ ഇനം തെങ്ങിൻതൈ ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിന് കേരസമൃദ്ധി പദ്ധതി.

6. കോഴിക്കോട് കേന്ദ്രീകരിച്ച് തെങ്ങിന് പ്രത്യേക കാർഷിക മേഖല.

7. വിള ഇൻഷുറൻസ് പദ്ധതി

8. നാളികേര അഗ്രോപാർക്കുകൾ.

9. തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിനായി അഗ്രോ സർവ്വീസ് സെന്ററുകളും കാർഷിക കർമ്മ സേനകളും രൂപീകരിച്ചു

10. തെങ്ങ് അധിഷ്ഠിത മൂല്യവർദ്ധിത സംരംഭങ്ങൾ

പ്രോത്സാഹിപ്പിക്കുന്നതിനായി SFAC മുഖാന്തിരം പ്രോജക്ട് അധിഷ്ഠിത ധനസഹായം.

**നാളികേര വികസന ബോർഡ് പദ്ധതികൾ**

1. തെങ്ങിന്റെ മാതൃക പ്രദർശന പ്ലോട്ടുകൾ സ്ഥാപിക്കുന്ന പദ്ധതി (LODP)
2. തെങ്ങിന്റെ പുനർനടീലിനും പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള പദ്ധതി.

ബി) തെങ്ങുകൃഷി ചെയ്യുന്ന കർഷകർക്ക് ഏർപ്പെടുത്തിയിട്ടുള്ള ആനുകൂല്യങ്ങൾ വിശദമാക്കാമോ?

ബി) I) കേരഗ്രാമം പദ്ധതിയ്ക്കായുള്ള ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

1) സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25000 രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ. ഇതിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

| | |
|---|---|
| a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ | 35 രൂപ / തെങ്ങ് |
| b) തൊണ്ട് കുഴിച്ചിടീൽ | 50 രൂപ / തെങ്ങ് |
| c) കുമ്മായം | 9 രൂപ / തെങ്ങ് |
| d) രാസവളം | 20 രൂപ / തെങ്ങ് |
| e) മഗ്നീഷ്യം സൾഫേറ്റ് | 3.75 രൂപ / തെങ്ങ് |
| f) ജൈവവളം | 25 രൂപ / തെങ്ങ് |
| g) സസ്യസംരക്ഷണം | 10 രൂപ / തെങ്ങ് |
| h) ജീവാണു വളങ്ങൾ, ജൈവീക നിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന് | 75 രൂപ / തെങ്ങ് |
| I) രോഗം ബാധിച്ചതും ഉല്പാദനശേഷി നശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന് | 1000 രൂപ / തെങ്ങ് |
| j) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് | 60 രൂപ / തെങ്ങ് |
| k) ഇടവിളകൃഷി | 6000 രൂപ ഹെക്ടറിന് |

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25,000/- രൂപ ക്രമത്തിൽ പരമാവധി 5 ലക്ഷം രൂപ.

3. 61 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം.

4. 8 ജൈവവള ഉല്പാദന യൂണിറ്റുകൾ- ഒരു യൂണിറ്റിന്

10,000/- രൂപ നിരക്കിൽ ആനുകൂല്യം.

5. പഞ്ചായത്തുതല കേരസമിതികൾക്കുള്ള പ്രവർത്തന ചെലവായ 1 ലക്ഷം രൂപ, മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.

6. കേരഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 15,000 രൂപ.

7. താല്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം.

II) 50 സെന്റിൽ 35 അത്യുല്പാദന ശേഷിയുള്ള തെങ്ങിൻതൈ നട്ട് കണിക ജലസേചനം സ്ഥാപിച്ച് ഒരുക്കുന്ന മാതൃകാ പ്രദർശന തോട്ടത്തിന് പമ്പ് സെറ്റോട്ടുകൂടി "പ്രൈമറി പ്ലോട്ടിന്" 47080/- രൂപയും പമ്പ് സെറ്റില്ലാത്ത" അഡീഷണൽ പ്ലോട്ടിന്" 38830/- രൂപയും സബ്സിഡി നൽകുന്നു.

III) നാളികേര വികസന ബോർഡ് മുഖേന അനുവദിച്ച് നൽകിയിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളായ തെങ്ങ് പ്രദർശന തോട്ടങ്ങൾ ഒരുക്കുന്നതിന് ഹെക്ടറൊന്നിന് 17,500/- രൂപ വീതം രണ്ട് വർഷവും പ്രായാധിക്യവും രോഗ കീടബാധയും മൂലം ഉല്പാദനക്ഷമത നശിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് ഒരു തെങ്ങിന് 1000/-രൂപ വെച്ച് ഒരു ഹെക്ടറിന് പരമാവധി 32000/- രൂപയും പകരം ഗുണമേന്മയുള്ള തൈകൾ നടുന്നതിന് 50% നിരക്കിൽ ഒരു തൈക്ക് 40/- രൂപയും തെങ്ങിൻ തോട്ടങ്ങളിൽ നിലനിൽക്കുന്ന തെങ്ങുകളുടെ ശാസ്ത്രീയ പുനരുജ്ജീവന പരിപാലന മുറകൾക്കായി 25% നിരക്കിൽ പരമാവധി ഒരു ഹെക്ടറിന് ഓരോ വർഷം 8750/-രൂപ വെച്ച് 2 കൊല്ലത്തേക്ക് ആനുകൂല്യം ലഭിക്കുന്നതാണ്.

IV) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുള്ള കായ്ഫലമുള്ള തെങ്ങ് നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരമായി 2000/- രൂപയും കായ്ഫലമില്ലാത്തവയ്ക്ക് 400/- രൂപയും 3 വർഷം വരെ പ്രായമായ തൈ തെങ്ങുകൾക്ക് 200/- രൂപയും നഷ്ടപരിഹാര ആനുകൂല്യം ലഭിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**